# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് അലക് സാണ്ടർ തോമസ്
ബഹു. ചെയർപേഴ് സൺ

**എച്ച് ആർ എം പി നമ്പർ : 4497/11/12/2023/** റ്റി വി എം

പരാതിക്കാരി : പരേതനായ എം തോമസിന്റെ ഭാര്യ സൂസൻ തോമസ്, ഷീബ നിവാസ്, ചെമ്മക്കാട് പി ഓ, പെരിനാട്, കൊല്ലം 691601.

എതിർകക്ഷി :

ഉത്തരവ് തീയതി : **13..11..2024.**

1.. തിരുവനന്തപുരം നെയ്യാറ്റിൻകര താലൂക്കിലെ പെരുമ്പ്കോണം എൽ.എം.എസ് യു.പി. സ്കൂളിൽ എൽ.പി.എസ്.എ. ആയി ജോലി ചെയ്തിരുന്ന മരണപ്പെട്ട എം.തോമസിന്റെ അനന്തരാവകാശികൾക്ക് കുടുംബ പെൻഷനും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കാത്തതിനെതിരെ ടിയാന്റെ ഭാര്യ സൂസൻ തോമസ് സമർപ്പിച്ച പരാതിയാണിത്.

2. വസ്തുതകൾ വിശദീകരിച്ചുകൊണ്ടുള്ള 7..9..2023 തിയതിയിലെ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ കമ്മീഷനിൽ ഫയൽ ചെയ്തു. LMS School Corporate Management ന്റെ കീഴിൽ 12..6..1963 ന് സേവനത്തിൽ പ്രവേശിച്ചു എന്ന് തോമസ് അവകാശപ്പെടു ന്നുണ്ടെങ്കിലും നിയമനാംഗീകാരം ലഭിച്ച 1..9..1972 തീയതിക്ക് മുൻപ് ജോലി ചെയ്തിരുന്ന സ്കൂളുകളുടെ പേര് വിവരങ്ങൾ, സേവന കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിരുന്നില്ലെന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം തോമസിന് എൽ.പി.എസ് .എ ആയി 5 വർഷവും 36 ദിവസവും സേവന കാലാവധി ഉള്ളതായി കണ്ടെത്തിയെന്നും മിനിമം പെൻഷന് വേണ്ട സേവന കാലാവധി 10 വർഷമാണെന്നും തോമസ് വിരമിച്ച 31..5.. 1994 മുതൽ മരണപ്പെട്ട 9..8..1999 വരെ 5 വർഷക്കാലയളവിൽ പെൻഷനുള്ള അപേക്ഷ നൽകിയിരുന്നില്ലെന്നും ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളും കുടുംബ പെൻഷനും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാന്റെ ഭാര്യ അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 27 വർഷങ്ങൾക്ക് ശേഷമാണെന്നും റിപ്പോർട്ടിൽ പറയുന്നു. തോമസിന്റെ പെൻഷൻ ആനുകൂല്യങ്ങളും കുടുംബ പെൻഷനും അനുവദിച്ച് നൽകണമെന്നുള്ള പരാതിക്കാരിയുടെ അപേക്ഷ അത്തരം ഹർജികൾ പരിഗണിക്കുന്ന സമിതി മുമ്പാകെ സമർപ്പിച്ച് സർക്കാരിൻറെ പരിഗണനയിൽ ആണെന്നും റിപ്പോർട്ടിൽ തുടർന്ന് പറയുന്നു.

3. റിപ്പോർട്ടിന്മേൽ രേഖാമൂലം ആക്ഷേപവുമായി 29..4..2024 ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരാൻ ആവശ്യപ്പെട്ട് പരാതിക്കാരിക്ക് നോട്ടീസ് അയച്ചെങ്കിലും ടിയാൾ അന്ന് ഹാജരായില്ല. ആക്ഷേപവും ഫയൽ ചെയ്തില്ല. തുടർന്ന് ഇന്നും ഹാജരാകാൻ നോട്ടീസ് അയച്ചെങ്കിലും പരാതിക്കാരി ഹാജരാകുകയോ ആക്ഷേപം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

(3)

4. മരണപ്പെട്ടുപോയ ഭർത്താവിൻറെ പെൻഷൻ ആനുകൂല്യങ്ങളും കുടുംബ പെൻഷനും അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ട സമിതി മുമ്പാകെ സമർപ്പിച്ച പരാതിക്കാരിയുടെ അപേക്ഷ സർക്കാരിൻറെ പരിഗണനയിലാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിൽ പറയുന്നതിനാൽ ബന്ധപ്പെട്ട സർക്കാർ അധികാരി പ്രസ്തുത അപേക്ഷയിൽ 2 മാസത്തിനകം തീരുമാനമെടുത്ത് വിവരം രേഖാമൂലം പരാതിക്കാരിയെ അറിയിക്കണം. അത് സാധ്യമാക്കുന്നതിനായി കമ്മീഷന്റെ ഈ ഉത്തരവിന്റെ പകർപ്പ് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൻറെ ബന്ധപ്പെട്ട അധികാരിക്ക് അയച്ചുകൊടുക്കണം. ഈ ഉത്തരവിന്റെ പകർപ്പ് കിട്ടി 3 മാസത്തിനുള്ളിൽ പരാതിക്കാരിയുടെ പരാതിയിൽ ഉചിതമായ നടപടി സ്വീകരിച്ച് പരിഹാരം ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. പരാതിക്കാരിക്കും പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

j/